പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2273** 08.07.2015-ൽ മറുപടിക്ക്

## രക്തപരിശോധനാ ലാബുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ രക്തപരിശോധനാ ലാബുകൾക്കും അംഗീകാരം നൽകിയിട്ടുണ്ടോ ; | (എ) | നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് സ്വകാര്യ രക്ത പരിശോധനാ ലാബുകൾക്ക് ലൈസൻസ് നൽകുന്നത്. |
| (ബി) | എങ്കിൽ അംഗീകാരമുള്ളവ എത്ര ; അംഗീകാരമില്ലാത്തവ എത്ര ; വെളിപ്പെടുത്താമോ ; | (ബി) | ഇതു സംബന്ധിച്ച വിവരം ആരോഗ്യ വകുപ്പ് ശേഖരിച്ചിട്ടില്ല. |
| (സി) | സ്വകാര്യ ലാബുകൾ രോഗികളിൽ നിന്ന് ഭീമമായ തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനും ഈ മേഖലയിലെ പരിശോധനാ ചാർജ്ജ് ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദാംശം വെളിപ്പെടുത്താമോ ? | (ഡി) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ തുടങ്ങിയവയ്ക്ക് വേണ്ടി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ